## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6497 9/07/2014-ൽ മറുപടിക്ക്

# പുതിയ വൈദ്യുതി കണക്ഷന് വർദ്ധിപ്പിച്ച മീറ്റർ വാടക

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) പുതിയ വൈദ്യുതി കണക്ഷൻ എടുക്കുന്നവർക്ക് മീറ്റർ വാടക നിരക്കിൽ വർദ്ധനവ് വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ;<br><br>(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങളും അപ്രകാരം വർദ്ധനവു വരുത്തുന്നതിനെക്കുറിച്ച് ആലോചിക്കാനുണ്ടായ സാഹചര്യങ്ങളും വ്യക്തമാക്കുമോ;<br><br>(സി) വൈദ്യുതി നിരക്ക് വർദ്ധനവ് മൂലമുണ്ടായിട്ടുള്ള അധികഭാരം തന്നെ ഉപഭോക്താക്കൾക്ക് താങ്ങാനാകാത്ത സാഹചര്യത്തിൽ മീറ്റർ വാടക വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ഒഴിവാക്കുമോ? | (എ) യും (ബി )യും(സി)യും<br><br>സംസ്ഥാനത്ത് 2002 ന ശേഷം മീറ്ററിന്റെ വാടക വർദ്ധിപ്പിച്ചിട്ടില്ല. എന്നാൽ ടി കാലയളവിൽ സിംഗിൾ ഫെയ്സ് മീറ്ററുകളുടേയും, ത്രീ ഫെയ്സ് മീറ്ററുകളുടേയും വിലയിൽ ഗണ്യമായ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. 2001-02 കാലയളവിൽ സിംഗിൾ ഫെയ്സ് മീറ്ററിന്റെ വില 250 മുതൽ 300 രൂപ വരെ ഉണ്ടായിരുന്നത് ഇപ്പോൾ 700 മുതൽ 800 രൂപയായിട്ടാണ് വർദ്ധിപ്പിച്ചിട്ടുള്ളത്. കൂടാതെ ത്രീ ഫെയ്സ് മീറ്ററുകളുടെ വില 2001-02 കാലയളവിൽ കേവലം 750 രൂപ ഉണ്ടായിരുന്നത് ഇപ്പോൾ 2100 മുതൽ 2200 രൂപവരെ വർദ്ധിപ്പിച്ചിട്ടുണ്ട്. ടി വർദ്ധനവ് കണക്കിലെടുത്ത് പുതുതായി കണക്ഷനെടുക്കുന്ന ഉപഭോക്താക്കൾക്ക് സിംഗിൾ ഫെയ്സ് മീറ്ററുകൾക്ക് മീറ്റർ വാടക പ്രതിമാസം 10 രൂപയിൽ നിന്നും 20 രൂപയായി വർദ്ധിപ്പിക്കാനും, ത്രീ ഫെയ്സ് മീറ്ററുകൾക്ക് മീറ്റർ വാടക പ്രതിമാസം 20 രൂപയിൽ നിന്നും 50 രൂപയായി വർദ്ധിപ്പിക്കാനുമുള്ള നിർദ്ദേശങ്ങൾ വൈദ്യുതി ബോർഡ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ നിലവിലുള്ള ഉപഭോക്താക്കൾക്ക് തുടർന്നും പഴയ നിരക്കിൽ തന്നെ മീറ്റർ വാടക തുടരാനും വൈദ്യുതി ബോർഡ് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നിലവിലുള്ള ഉപഭോക്താക്കൾക്ക് പുതിയതായി മീറ്റർ മാറ്റി സ്ഥാപിക്കേണ്ടി വരുന്ന പക്ഷം പുതിയ മീറ്ററുകൾക്ക് പുതിയ നിരക്കിൽ മീറ്റർ വാടക നൽകണമെന്ന് വൈദ്യുതി ബോർഡ് കമ്മീഷൻ മുമ്പാകെ നിർദ്ദേശിച്ചിട്ടുണ്ട്. ഇതു കൂടാതെ ഉപഭോ |

(.... 2)

ക്താക്കൾ സ്വന്തം നിലയിൽ മീറ്റർ വാങ്ങി വയ്ക്കുകയാണെങ്കിൽ ടി ഉപഭോക്താക്കളെ മീറ്റർ വാങ്ങി വയ്ക്കുന്ന തീയതി മുതൽ മീറ്റർ വാടകയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കുന്നതാണ്. ഉപഭോക്താക്കൾ സ്വന്തമായി മീറ്റർ വാങ്ങുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി വൈദ്യുതി ബോർഡ് മൊത്തമായി മീറ്റർ വാങ്ങി ടെസ്റ്റ് ചെയ്ത് തെരഞ്ഞെടുത്ത ഓഫീസുകളിൽ നിന്നും വിലയ്ക്ക് ലഭ്യമാക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**